"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.അരുൺ സി-ക്ക് എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.216/2022/LSGD തീയതി,തിരുവനന്തപുരം, 25-09-2022

---

പരാമർശം:-

1. 02.12.1993 തീയതിയിലെ ജി.ഒ(പി) നം.36/91/ഉ.ഭ.പ.വ -നമ്പർ ഉത്തരവ്
2. ശ്രീ.അരുൺ സി സമർപ്പിച്ച അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള 18.08.2021 തീയതിയിലെ അപേക്ഷ
3. നഗരകാര്യ ഡയറക്ടറുടെ 17.09.2021 തീയതിയിലെ ഇ8-15548/2021 നമ്പർ കത്ത്
4. എറണാകുളം ജില്ലാ കളക്ടറുടെ 17.08.2022 തീയതിയിലെ DCEKM/1194/2022-A6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമിതനായി 05/12/2019 മുതൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.അരുൺ.സി., സമർപ്പിച്ച പരാമർശം (2) അപേക്ഷ പ്രകാരം, 2003 ജൂലായ് 15 ന് കൊച്ചി അമൃത ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ള തനിക്ക് കൊച്ചി അമൃത ആശുപത്രിയിലെ തുടർചികിത്സയുടെ സൗകര്യത്തിനായി പ്രസ്തുത ആശുപത്രിയ്ക്ക് സമീപത്തുള്ള ആലുവ നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ജില്ലാതല നിയമന പ്രകാരം പാലക്കാട് ജില്ലയിൽ എൽ.ഡി.സി/ബി.സി തസ്തികയിൽ 05/12/2019 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.അരുൺ സി-യ്ക്ക് പാലക്കാട് ജില്ലയിൽ 5 വർഷം സേവനം പൂർത്തിയായിട്ടില്ലാത്തതിനാൽ, ടിയാന്റെ തുടർ ചികിത്സാർത്ഥം എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള പ്രത്യേകഅനുമതിയ്ക്കായി ടിയാന്റെ അപേക്ഷയും ചികിത്സാ രേഖകളും പരാമർശം (3) പ്രകാരം നഗരകാര്യഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അന്തർജില്ല സ്ഥലമാറ്റം സംബന്ധിച്ച 02/12/1991-ലെ ജി.ഒ(പി) നം.36/91/ഉഭപവ നമ്പർ ഉത്തരവിലെ വ്യവസ്ഥപ്രകാരം ജില്ലാതലനിയമനങ്ങളിൽ നിയമനം ലഭിച്ച ജില്ലയിൽ 5 വർഷസേവനം പൂർത്തിയായ ശേഷം മാത്രമേ അന്തർജില്ല സ്ഥലമാറ്റം അനുവദിക്കുകയുള്ളൂ. ശ്രീ.അരുൺ സി പാലക്കാട് ജില്ലയിൽ 5 വർഷം സേവനം പൂർത്തിയായിട്ടില്ലാത്തതിനാൽ, പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം സഹതാപ പരിഗണന ആവശ്യമുള്ള അസാധാരണമായ കേസായി പരിഗണിച്ച് എറണാകുളം

ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിൽ എറണാകുളം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

3. എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ അന്വേഷണം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം, അപേക്ഷകനായ ശ്രീ. അരുൺ.സി. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ 15.07.2003 ൽ കിഡ്നി ട്രാൻസ്പ്ലാന്റേഷൻ നടത്തിയ വ്യക്തിയാണെന്നും ടിയാന് നിരന്തരമായി പരിശോധനകളും മെഡിക്കൽ ചെക്ക്അപ്പുകളും അനിവാര്യമാണെന്നും ചികിത്സ ആവശ്യവുമായി ബന്ധപ്പെട്ട് അപേക്ഷകന് ഇടപ്പള്ളി അമൃത ആശുപത്രിക്കും ആലുവയ്ക്കും ഇടയിൽ സൗകര്യപ്രദമായി നിയമനം നൽകാവുന്നതാണെന്നും അറിയിച്ചിരുന്നു.

4. മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമിതനായ ശ്രീ.അരുൺ സി-ക്ക്, പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 5 ലെ വ്യവസ്ഥ പ്രകാരം, അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, സഹതാപ പരിഗണന ആവശ്യമുള്ള അസാധാരണമായ കേസായി പരിഗണിച്ച്, എറണാകുളം ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. അരുൺ. സി, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ, മണ്ണാർക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, മണ്ണാർക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പ് ( 24.11.2021 തീയതിയിലെ ADV-B2/145/2021-PandARD ) നമ്പർ കുറിപ്പ് പ്രകാരം

പൊതുഭരണ (എസ്.സി) വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 26-09-2022 11:24:21**
സെക്ഷൻ ഓഫീസർ

പകർപ്പ്- 1. ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-09-2022

ഇനം നം: 1064

ഫയൽ നം. ഇ.യു2/244/2021/തസ്വഭവ.

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - മണ്ണാർക്കാട് നഗരസഭയിൽ എൽ.ഡി. ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമിതനായ ശ്രീ. അരുൺ സി-ക്ക് എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

RW
22/9/22

AS-II
(LSGD)

| | | | |
|---|---|---|---|
| **കേരളസർക്കാർ** | | | |
| (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ) | | | |
| | മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് | | |
| 1 | ഫയൽ നമ്പർ | : | ഇ.യു2/ 244/ 2021/ തസ്വഭവ |
| 2 | വകുപ്പ് | : | തദ്ദേശസ്വയം ഭരണ (ഇ.യു) വകുപ്പ് |
| 3 | വിഷയം | : | മണ്ണാർക്കാട് നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമിതനായ ശ്രീ.അരുൺ സി-ക്ക് എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 09.09.2022 |
| 5 | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)ആണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അല്ല |
| 6 | മറ്റേതെങ്കിലും വകുപ്പകളുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ജി. അനിൽകുമാർ |
| 8 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഷർമിള മേരി ജോസഫ് |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.09.2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16.09.2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.ബി.രാജേഷ് |
| 13 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17.09.2022 |
| 14 | കുറിപ്പിന്റെ പകർപ്പകൾ സമർപ്പിച്ച തീയതി | : | 19.09.2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമിതനായ ശ്രീ.അരുൺ സി-ക്ക് എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയിൽ എൽ.ഡി.സി/ബി.സി തസ്തികയിൽ നിയമിതനായ ശ്രീ.അരുൺ.സി 05/12/2019 തീയതി മുതൽ പ്രസ്തുത തസ്തികയിൽ തുടരുകയാണ് എന്നും 2003 ജൂലായ് 15 ന് കൊച്ചി അമൃത ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുണ്ടെന്നും ആജീവനാന്തം മരുന്നുകളും തുടർചികിത്സയും ആവശ്യമാണെന്നും ടിയാന്റെ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്നു. എയ്ഡഡ് സ്കൂൾ അദ്ധ്യാപകരായിരുന്ന ടിയാന്റെ മാതാപിതാക്കൾ ജോലി സംബന്ധമായി പാലക്കാട് ജില്ലയിൽ മണ്ണാറക്കാട് സ്ഥിര താമസമാക്കിയതാണെന്നും ഇപ്പോൾ ജോലിയിൽ നിന്ന് വിരമിച്ചിട്ടുള്ളതും, അവിവാഹിതനായ ടിയാന്റെ സംരക്ഷണവും നോക്കി വരുന്നു. 200 കിലോമീറ്ററോളം അകലെയുള്ള കൊച്ചി അമൃത ആശുപത്രിയിലെ ചികിത്സയും കോവിഡ് 19 മഹാമാരിയുടെ അസാധാരണ സാഹചര്യം ടിയാന്റെ വൃക്കദാതാവ് കൂടിയായ അച്ഛനും തൈറോയ്ഡ് ഉൾപ്പെടെയുള്ള അസുഖങ്ങൾക്ക് ചികിത്സയിലുള്ള അമ്മയ്ക്കും വളരെ പ്രയാസം ഉണ്ടാക്കുന്നതിനാലും തുടർചികിത്സയ്ക്കായി അമൃത ആശുപത്രിയ്ക്ക് സമീപത്തുള്ള ആലുവ നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ജില്ലാതല നിയമന പ്രകാരം പാലക്കാട് ജില്ലയിൽ എൽ.ഡി.സി/ബി.സി തസ്തികയിൽ 05/12/2019 ൽ ജോലിയിൽ പ്രവേശിച്ച ശ്രീ.അരുൺ സി-യ്ക്ക് പാലക്കാട് ജില്ലയിൽ 5 വർഷം സേവനം പൂർത്തിയായിട്ടില്ലാത്തതിനാൽ, ടിയാന്റെ തുടർ ചികിത്സാർത്ഥം എറണാകുളം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിനുള്ള അനുമതിയ്ക്കായി ടിയാന്റെ അപേക്ഷയും ചികിത്സാ രേഖകളും നഗരകാര്യഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

3. ഈ വിഷയത്തിൽ ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

" 02/12/1991-ലെ ജി.ഒ(പി) നം.36/91/ഉഭപവ നമ്പർ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം സഹതാപ പരിഗണന ആവശ്യമുള്ള അസാധാരണമായ കേസുകളിൽ 5 വർഷ നിബന്ധനയിൽ ഇളവ് അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്. വ്യക്തവും നീതികരിക്കാവുന്ന കാരണങ്ങൾ ഉണ്ടാകേണ്ടതും ഏത് ജില്ലയിലേയ്ക്കാണോ അന്തർജില്ല സ്ഥലമാറ്റം ആവശ്യപ്പെടുന്നത് ആ ജില്ലയുടെ കളക്ടറുടെ റിപ്പോർട്ടും സഹിതം ചീഫ് സെക്രട്ടറി മുഖാന്തിരം ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

4. ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിന്റെ അഭിപ്രായത്തിന്റെയടിസ്ഥാനത്തിൽ ശ്രീ.അരുൺ സി-ക്ക്, അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിൽ എറണാകുളം ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം, ഇക്കാര്യത്തിൽ അന്വേഷണം നടത്തിയതിൽ നിന്നും അപേക്ഷകനായ ശ്രീ. അരുൺ.സി. എന്നയാൾ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രിയിൽ 15.07.2003 ൽ കിഡ്നി ട്രാൻസ്പ്ലാന്റേഷൻ നടത്തിയ വ്യക്തിയാണെന്നും ടിയാന് നിരന്തരമായി പരിശോധനകളും മെഡിക്കൽ ചെക്ക്അപ്പുകളും അനിവാര്യമാണെന്നും ചികിത്സ ആവശ്യവുമായി ബന്ധപ്പെട്ട് അപേക്ഷകന് ഇടപ്പള്ളി അമൃത ആശുപത്രിക്കും ആലുവയ്ക്കും ഇടയിൽ സൗകര്യപ്രദമായി നിയമനം നൽകാവുന്നതാണെന്നും എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

5. മണ്ണാർക്കാട് നഗരസഭയിലെ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ ശ്രീ.അരുൺ സി, നിയമനം ലഭിച്ച ജില്ലയിൽ 5 വർഷസേവനം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവ് നൽകി സഹതാപ പരിഗണന ആവശ്യമുള്ള കേസായി പരിഗണിച്ച് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം "മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക" എന്ന് ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമിതനായ ശ്രീ.അരുൺ സി-ക്ക്, അന്തർജില്ലാ സ്ഥലംമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളിൽ ഇളവ് നൽകി, സഹതാപ പരിഗണന ആവശ്യമുള്ള അസാധാരണമായ കേസായി പരിഗണിച്ച്, 02/12/1991 ലെ ജി.ഒ (പി ) നം .36/91 ഉഭപവ നമ്പർ ഉത്തരവിലെ ഖണ്ഡിക 5 ലെ വ്യവസ്ഥ പ്രകാരം എറണാകുളം ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കാമോ ?

GOVERNMENT OF KERALA
(Shri. Pinarayi Vijayan Ministry)

Note for the Council of Ministers

| | | | |
|---|---|---|---|
| 1 | File No | : | EU2-244/2021-LSGD |
| 2 | Department | : | Local Self Government(EU)Dept |
| 3 | Subject | : | Inter District Transfer of Sri. Arun C, LDC/BC, Mannarkkad Municipality to Ernakulam District -Reg |
| 4 | Date of Chief Minister's order for placing before the Council | : | 09.09.2022 |
| 5 | (i) Does the case involve financial commitments/implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | :<br>: | No |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the note for the Council ? | : | Yes |
| 7 | Name of Additional Secretary who submitted the Draft Note | : | Shri. G Anil Kumar |
| 8 | Name of Principal Secretary who approved the Draft Note | : | Dr. Sharmila Mary Joseph |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 15.09.2022 |
| 10 | Name of Chief Secretary, who approved the Draft Note | : | Dr. V P Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 16.09.2022 |
| 12 | Name of Minister who approved the Draft Note | : | Shri. M B Rajesh |
| 13 | Date of approval of the draft Note for the Council by the Minister | : | 17.09.2022 |
| 14 | Date of submission of fair copies | : | 19.09.2022 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision | | |

# NOTE FOR THE COUNCIL OF MINISTERS

This note relates to granting inter-district transfer to Shri. Arun C, L.D.Clerk/Bill Collector of Mannarkkad Municipality in Palakkad District, to Ernakulam district.

2. The Director of Urban Affairs reported that Shri. Arun C has joined in the post of LDC/BC in Mannarkkad Municipality in Palakkad district on 05/12/2019 as per the district level appointment, and he has not completed 5 years of service in Palakkad district. He submitted an application for transfer to Aluva Municipality near Amrita Hospital for his further treatment. He has undergone kidney transplant surgery at Amrita Hospital, Kochi on 15th July 2003 and requires lifelong medication and follow-up treatment. It has been mentioned in his application that his parents, who were aided school teachers, had permanently settled at Mannarakkad in Palakkad district for their job and now they are retired from job, and taking care of him. He is unmarried, and taking treatment at Amrita Hospital, Kochi, which is 200 km away, further on account of the extraordinary situation due to Covid-19 pandemic, it is difficult for his father, who was the kidney donor, and his mother, who is undergoing treatment for ailments including thyroid to take care of him. The Director of Urban Affairs has forwarded his application and treatment documents to Government for granting inter-district transfer to Ernakulam district.

3. The remarks of Personal and Administrative Reforms Department in this subject is as follows;

" 02/12/1991-ലെ ജി.ഒ(പി) നം.36/91/ഉഭപവ നമ്പർ ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം സഹതാപ പരിഗണന ആവശ്യമുള്ള അസാധാരണമായ കേസുകളിൽ 5 വർഷ നിബന്ധനയിൽ ഇളവ് അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്. വ്യക്തവും നീതികരിക്കാവുന്ന കാരണങ്ങൾ ഉണ്ടാകേണ്ടതും ഏത് ജില്ലയിലേയ്ക്കാണോ അന്തർജില്ല സ്ഥലമാറ്റം ആവശ്യപ്പെടുന്നത് ആ ജില്ലയുടെ കളക്ടറുടെ റിപ്പോർട്ടും സഹിതം ചീഫ് സെക്രട്ടറി മുഖാന്തിരം ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു."

4. As advised by the Personnel and Administrative Reforms Department report from the District Collector, Ernakulam has been obtained. The District Collector reported that, on enquiry it is found that the applicant Shri. Arun C. is a person who underwent kidney transplant at Amrita Institute of Medical Science Hospital on 15.07.2003 and he needs regular medical checkups and tests and hence the applicant could be considered for appointment at a location between Edappally Amrita Hospital and Aluva for the convenience of his treatment requirements.

5. Shri. Arun C, L.D.Clerk/Bill Collector, Mannarkkad Municipality has not completed 5 years of service in the appointed district, file was circulated to the Hon'ble Chief Minister for orders, whether inter-district transfer may be considered on compassionate ground by relaxing existing norms of inter district transfer, Hon'ble Chief Minister has ordered to place the matter before the Council of Ministers .

## POINT FOR DECISION

Whether Shri. Arun C, L.D.Clerk/Bill Collector of Mannarkkad Municipality, Palakkad District may be granted inter-district transfer to Ernakulam district by considering it as an exceptional case requiring compassionate consideration, as per the provisions of clause 5 in G.O.(P) No.36/91/P&ARD dated 02.12.1991, by relaxing the provisions of the Government Orders regarding inter-district transfer.